(ബി) 2021-22 നടപ്പുവർഷം നിയമനങ്ങൾ നടക്കുമ്പോൾ അദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡത്തിലെ ഉയർന്ന പ്രായപരിധിയായ നാൽപ്പത് വയസ്സ് പൂർത്തിയായി കഴിഞ്ഞതിനാൽ ഇവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി അനുഭാവപൂർണമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷം നിയമനം ലഭിച്ചവർക്ക് കോവിഡ്-19 കാരണം നിയമനാംഗീകാരം ലഭിക്കാതെപോയ അദ്ധ്യാപകർക്ക് വയസ്സിളവ് നൽകണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.

**ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത കുട്ടികൾ**

157(4167) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2020-21 അദ്ധ്യയന വർഷത്തിൽ പഠനോപകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ;

2020-21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാത്ത വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ/എസ്.എം.സി. തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും, ഊരു വിദ്യാ കേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാധ്യമാക്കുകയും ചെയ്തിരുന്നു.

**ഹയർ സെക്കണ്ടറി പഠനം**

158(4168) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ റിസൾട്ടിന് ആനുപാതികമായി ഉപരിപഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോയെന്ന് വിശകലനം ചെയ്യുന്ന സാഹചര്യത്തിൽ ഐ.ടി.ഐ.-കളിലെ ദ്വിവത്സര കോഴ്സുകൾക്ക് പ്ലസ് ടു തുല്യത ഉണ്ടെന്ന കേന്ദ്രസർക്കാർ ഉത്തരവിന്റെ സാധുതകൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലായെങ്കിൽ ആവശ്യമായ തുടർ ക്രമീകരണങ്ങൾക്ക് വകുപ്പുതല മേധാവിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഐ.ടി.ഐ. കോഴ്സുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS) -ന്റെ സീനിയർ സെക്കണ്ടറി കോഴ്സിന് തുല്യമായി പരിഗണിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം SCERT ഡയറക്ടർ അദ്ധ്യക്ഷനായ ഇക്വലൻസി സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുകയും ഇവകളുടെ കോഴ്സ് ഘടനയും ഉദ്ദേശവും വ്യത്യസ്തമായതിനാൽ തുല്യത നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയം ഒരിക്കൽക്കൂടി പരിശോധിക്കണമെന്ന തൊഴിൽ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം വിഷയം വീണ്ടും പരിശോധിച്ചുവരുന്നു.

**വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി**

159(4169) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി ആവശ്യമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗരേഖ ഭാഗം -2 (അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ സമപ്രായക്കാരായ ലോകത്തെവിടെയുമുള്ള വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും സ്വന്തം സാധ്യതയുടെ പരമാവധി ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എസ്.സി.ഇ.ആർ.ടി. മികവുകളുടെ ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ട്. വിലയിരുത്തലിനായി 'സഹിതം' പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും നടത്തി നിലവിലെ മൂല്യനിർണ്ണയ ഉപാധികൾ, പ്രവർത്തന കാർഡുകൾ, പഠനപുരോഗതി വിലയിരുത്തൽ രേഖ എന്നിവയ്ക്ക് പുറമെ National Achievement Survey, State Achievement Survey എന്നിവ വഴി വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly